**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 948** **10-06-2021 - ൽ മറുപടിയ്ക്ക്**

**മലമ്പുഴ ഐ.ടി.ഐ.-യുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | Shri V Sivankutty<br>(പൊതു വിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി) | |
| (എ) | മലമ്പുഴ മണ്ഡലത്തിലെ മലമ്പുഴ ഐ.ടി.ഐ. യുടെ നവീകരണത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്; ഇതിനായി അനുവദിച്ച തുക എത്രയാണെന്നും പ്രസ്തുത പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി എന്താണെന്നും അറിയിക്കാമോ? | (എ) | മലമ്പുഴ ഐ.ടി.ഐ.യുടെ നവീകരണത്തിനായി നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു. 1. ടി ഐ.ടി.ഐ.യെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി KIIFB പദ്ധതിയുടെ ഭാഗമായി അനുവദിച്ച 12.79 കോടി രൂപയുടെ നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നു. 2. 100% കേന്ദ്ര സഹായത്തോടു കൂടി നടപ്പിലാക്കുന്ന സ്കിൽ സ്ട്രെങ്ങ്തനിംഗ് ഫോർ ഇൻഡസ്ട്രിയൽ വാല്യൂ എൻഹാൻസ്മെന്റ് (STRIVE) പദ്ധതിയുടെ കീഴിൽ അനുവദിച്ച 178.36 ലക്ഷം രൂപയിൽ നിന്നും ആദ്യ ഗഡുവായി ലഭിച്ച 71 ലക്ഷം രൂപ ഉപയോഗിച്ച് നിലവിലുള്ള ട്രേഡുകളെ നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിംവർക്ക് (NSQF) പ്രകാരം നവീകരിക്കുന്നതിനുള്ള ഉപകരണങ്ങളും മെഷിനറികളും സംഭരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ